കേരള സർക്കാർ

പൊതുഭരണ (റൂൾസ്) വകുപ്പ്

# കേരളാ പാർട്ട് ടൈം കണ്ടിജന്റ് സർവീസ് ചട്ടങ്ങൾ

വില 2 രൂപ

©
കേരള സർക്കാർ
1987

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
MANNANTHALA, 1987.

കേരള സർക്കാർ

സംഗ്രഹം

## പബ്ളിക് സർവീസുകൾ—കേരള പാർട്ട് ടൈം കണ്ടിജൻറ് സർവീസ്—വിശേഷാൽ ചട്ടങ്ങൾ—പുറപ്പെടുവിക്കുന്നു.

## പൊതുഭരണ (റൂൾസ്) വകുപ്പ്

ജി. ഒ. (പി). നം. 152/75/ പി. ഡി. തിരുവനന്തപുരം, 1975 ആഗസ്ററ് 2.

* വിജ്ഞാപനം

എസ്. ആർ. ഒ. നമ്പർ 742/75—1968-ലെ കേരള പബ്ളിക് സർവീസ് ആക്ടി (1968-ലെ 19) ലെ 2-ാം വകുപ്പ് 1-ാം ഉപവകുപ്പിൻപടി നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ടും ആ വിഷയത്തിൻമേൽ നിലവിലുള്ള എല്ലാ ചട്ടങ്ങളേയും ഉത്തരവുകളെയും അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ കേരള പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർക്കായി താഴെ പറയുന്ന വിശേഷാൽ ചട്ടങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ഘടന. — ഈ സർവീസിൽ താഴെ പറയുന്ന വിഭാഗങ്ങളിലുള്ള പാർട്ട് ടൈം കണ്ടിജൻറ് തസ്തികകൾ ഉൾപ്പെടുന്നതാണ്, അതായത് :—

വിഭാഗം 1 — നിശാപാഠശാലാദ്ധ്യാപകർ, ലൈബ്രേറിയൻമാർ.

വിഭാഗം 2 — തൂപ്പുകാരൻ, സ്കാവഞ്ചർ, സ്വീപ്പർ-കം-സ്കാവഞ്ചർ, തോട്ടക്കാരൻ, വാച്ചർ, വാച്ച്മേൻ, ആയ, മെസ്ബോയ്/മെസ്ഗേൾ, പാചകക്കാരൻ, സ്വീപ്പർ-കം-വാച്ച്മേൻ, സർവൻറ്, സ്കാവഞ്ചർ-കം-ഗാർഡനർ, മീനിയൽ സർവൻറ് (താണതരം ജോലികൾക്കുള്ള ഭൃത്യവേലക്കാരൻ),നൈററ്വാച്ചർ,ക്ലീനർ,വാട്ടർമാൻ,സ്ക്കൾപ്ച്ചർ ബോയ്, മസാൽച്ചി, മെസ് അററൻഡൻറ്, വാട്ടർ കാരിയർ, സിക്ക് റൂം അററൻഡൻറ്, ററിഫിൻ റൂം ബോയ്, ടവർ ക്ലോക്ക് വൈൻഡർ.

വിഭാഗം 3 — മററു സർവീസുകളിലൊന്നും ഉൾപ്പെടുത്തപ്പെടാത്ത, പാർട്ട് ടൈം സർവീസിലുള്ള മററു പാർട്ട് ടൈം കണ്ടിജൻറ് തസ്തികകൾ.

---

* 1975 സെപ്ററംബർ 2-ാം തീയതിയിലെ 34-ാം നമ്പർ കേരള ഗസററിലെ ഒന്നാം ഭാഗം IV-ാം ഖണ്ഡത്തിൽ പ്രസിദ്ധീകരിച്ചത്.

2. നിയമനാധികാരി.— താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ 1-ാം കാളത്തിൽ നിർദ്ദിഷ്ടമായ ആഫീസുകളിലും സ്ഥാപനങ്ങളിലുമുള്ള എല്ലാ വിഭാഗം തസ്തികകൾക്കും, തൽസ്ഥാനീയമായി പട്ടിക 2-ാം കാളത്തിൽ നിർദ്ദേശിച്ചിട്ടുള്ള അധികാരികൾ നിയമനാധികാരികളായിരിക്കും.

പട്ടിക

| ഓഫീസ് അല്ലെങ്കിൽ സ്ഥാപനം | നിയമനാധികാരി |
|---|---|
| (1) | (2) |
| **സെക്രട്ടേറിയററ്** | |
| (എ) ഗവർണറുടെ സെക്രട്ടേറിയററ് | ഗവർണ്ണറുടെ സെക്രട്ടറി. |
| (ബി) ധനകാര്യ വകുപ്പ് | ധനകാര്യ വകുപ്പ് ജോയിൻററ് സെക്രട്ടറി. |
| (സി) മററു വകുപ്പുകൾ | പൊതുഭരണ വകുപ്പുസെക്രട്ടറി അല്ലെങ്കിൽ ഇതിലേക്ക് വേണ്ടി ചീഫ് സെക്രട്ടറിയാൽ അധികാരപ്പെടുത്തപ്പെട്ട മറേറതെങ്കിലും ആഫീസർ. |
| **റവന്യൂ വകുപ്പ്** | |
| (എ) റവന്യൂ ബോർഡ് | റവന്യൂ ബോർഡ് സെക്രട്ടറി അല്ലെങ്കിൽ ഇതിലേക്ക് വേണ്ടി ബോർഡിനാൽ അധികാരപ്പെടുത്തപ്പെട്ട മറേറതെങ്കിലും ആഫീസർ. |
| * (ബി) കളക്ടറാഫീസുകൾ | ബന്ധപ്പെട്ട ജില്ലാ കളക്ടർ അല്ലെങ്കിൽ ഇതിലേക്ക് വേണ്ടി കളക്ടറാൽ അധികാരപ്പെടുത്തപ്പെട്ട മറേറതെങ്കിലും ആഫീസർ. |
| (സി) റവന്യൂ വകുപ്പിലെ മററ് ആഫീസുകൾ | ബന്ധപ്പെട്ട ആഫീസ് അധികാരപരിധിയിലായി വരുന്ന റവന്യൂ ഡിവിഷണൽ ആഫീസർ. |
| **മററ് വകുപ്പുകൾ** | |
| (എ) നീതിന്യായ വകുപ്പ് | ജില്ലാ ജഡ്ജി, സ്റേററററ് ട്രാൻസ്പോർട്ട് അപ്പലേററ് ട്രൈബ്യൂണൽ, ജില്ലാ മജിസ്ട്രേട്ട്. |

* 9-3-1976, 10-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിച്ചിട്ടുള്ള എസ്. ആർ. ഒ. 273/76 ആയി 1-3-1976-ലെ ജി. ഒ. (പി) 69/76/പി. ഡി. വിജ്ഞാപനത്തിനാൽ താഴെ പറയുന്ന രീതിയിലുള്ള ഉൾക്കുറിപ്പുകൾ മാററി തിരുത്തപ്പെട്ടിരിക്കുന്നു.

"കളക്ടറാഫീസുകൾ — കളക്ടറുടെ പി. എ. (ജനറൽ) എന്നായിരിക്കുന്നു."

| (1) | (2) |
|---|---|
| (ബി) വകുപ്പുമേധാവികളുടെ ആഫീസുകൾ | ബന്ധപ്പെട്ട വകുപ്പുമേധാവികൾ അല്ലെങ്കിൽ ഇതിലേക്കുവേണ്ടി വകുപ്പു മേധാവികളാൽ ഇക്കാര്യത്തിൽ അധികാര നിയുക്തനായ ബന്ധപ്പെട്ട ആഫീസ് അധികാര പരിധിയിലായി വരുന്ന മററേതെങ്കിലും ആഫീസർ. |
| (സി) ജില്ലകളിലുള്ള ആഫീസുകളും സ്ഥാപനങ്ങളും | ബന്ധപ്പെട്ട ആഫീസോ സ്ഥാപനമോ അധികാര പരിധിയിലായിവരുന്ന ജില്ലയിലെ ഏററവും ഉയർന്ന ആഫീസർ. |
| (ഡി) ജില്ലാധികാരികളുടെ അധികാര പരിധിയിൽ വരാത്തസ്ഥാപനങ്ങൾ | *ബന്ധപ്പെട്ടസ്ഥാപനത്തിന്റെ മേധാവി. |

* കുറിപ്പ്: — ജില്ലയിൽ സ്ഥാപനങ്ങളുടെയും ആഫീസുകളുടെയും മേൽ അധികാരിതയുള്ള ജില്ലാ ആഫീസർമാർ ഇല്ലാത്ത വകുപ്പുകളുടെ സംഗതിയിൽ, നിയമനാധികാരി ബന്ധപ്പെട്ട സ്ഥാപനത്തിലെ മേധാവി ആയിരിക്കുന്നതാണ്.

3. നിയമനം: — വിവിധ വിഭാഗങ്ങളിലേക്കുള്ള നിയമനരീതി എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് വഴിയുള്ള റിക്രൂട്ട്മെൻറ് ആയിരിക്കും.

** എന്നാൽ ഈ ചട്ടം മുൻ ഹോംഗാർഡ് വാളൻറിയർമാരുടെ †(പോലീസ് വകുപ്പിൽ) നിയമനത്തിന്റെ സംഗതിയിൽ ബാധകമാകുന്നതല്ല.

†† കൂടാതെ ഈ ചട്ടം ജോലിയിലിരിക്കെ മരിച്ചുപോകുന്ന സർക്കാരുദ്യോഗസ്ഥൻമാരുടെ ബന്ധുക്കളുടേയോ ആശ്രിതരുടേയോ നിയമനത്തിന്റെ സംഗതിയിലും ബാധകമാകുന്നതല്ല.

---

* എസ്. ആർ. ഒ. നം. 657/80 ആയി 22-7-1980-ലെ 30-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിച്ച 3-7-1980-ലെ ജി ഒ. (പി) 272/80/ജി.എ.ഡി. നമ്പർ വിജ്ഞാപനപ്രകാരം ചേർക്കപ്പെട്ടു.

** എസ്. ആർ. ഒ. 674/76 ആയി, 29-6-1976-ലെ 26-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിച്ച, 17-6-1976-ലെ ജി. ഒ. (പി) 188/76/ പി. ഡി. നമ്പർ വിജ്ഞാപനപ്രകാരം ചേർക്കപ്പെട്ടു.

† എസ്. ആർ. ഒ. 1138/81 ആയി 6-10-1981-ലെ 40-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിച്ച 19-6-1981-ലെ ജി. ഒ. (പി) 271/81/ ജി. എ.ഡി. നമ്പർ വിജ്ഞാപനപ്രകാരം വിട്ടുകളയപ്പെട്ടു.

†† എസ്. ആർ. ഒ. 559/78 ആയി 20-6-1978-ലെ 25-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിച്ച 1-6-1978-ലെ ജി.ഒ.(പി) 238/78 വിജ്ഞാപനപ്രകാരം ചേർക്കപ്പെട്ടു.

**കുറിപ്പ്:—** * 1 വിവിധ വിഭാഗങ്ങളിലേക്കുള്ള നിയമനങ്ങളിൽ, ശാരീരികമായി കഴിവുകേടുള്ളവർക്കായി മൂന്നു ശതമാനം സംവരണം ചെയ്യേണ്ടതാണ്. പ്രത്യേക തസ്തികയ്ക്കനുബന്ധമായ ചുമതലകൾ ശാരീരികമായി കഴിവുകേടുള്ള ആളാൽ നിർവഹിക്കപ്പെടാവുന്നവയാണെന്നു നിയമനാധികാരി സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്.

** 2 താഴെ പറയുന്ന തസ്തികകളോടനുബന്ധിച്ചുള്ള ചുമതലകളുടെയും ഉത്തരവാദിത്വങ്ങളുടെയും; പ്രത്യേകം സ്വഭാവവും കാഠിന്യവും പരിഗണിച്ച് ഈ ചട്ടത്തിൻ കീഴിൽ അങ്ങനെയുള്ള തസ്തികകളിൽ പുരുഷൻമാരായ ഉദ്യോഗാർത്ഥികൾ മാത്രം നിയമനത്തിന് അർഹനായിരിക്കുന്നതാണ് :—

വാച്ചർ, വാച്ച്മാൻ, സ്വീപ്പർ-കം-വാച്ച്മാൻ, നൈററ് വാച്ചർ.

4. നിയമനങ്ങളിലെ സംവരണം. — (എ) നിയമന സംവരണത്തെ സംബന്ധിച്ച ചട്ടങ്ങൾ (കേരള സ്റേററും സബോർഡിനേററും സർവീസുകൾ പൊതുചട്ടങ്ങൾ 14–17)ഈ സർവീസിലെ നിയമനങ്ങൾക്ക് ബാധകമാകുന്നതാണ്.

†(ബി) ഈ ചട്ടത്തിന്റെ ആവശ്യാർത്ഥം ഒരു എംപ്ളോയ്മെൻറ് എക്സ്ചേഞ്ചിന്റെ അധികാരപരിധിയിൽ വരുന്ന ഓഫീസുകളിൽ താഴെ വിവരിക്കുന്ന ഗ്രൂപ്പുകളിലെ ഓരോ തസ്തികകളും പ്രത്യേക വിഭാഗമായി കരുതേണ്ടതാണ്.

ഗ്രൂപ്പ് I— ലൈബ്രേറിയൻ, നിശാപാഠശാലാദ്ധ്യാപകൻ.

ഗ്രൂപ്പ് II— ആയ, പാചകക്കാരൻ, മെസ് അററൻഡൻറ്, മെസ് ബോയ്/ മെസ് ഗേൾ, സിക്ക് റൂം അററൻഡൻറ്, ടിഫിൻ റൂം ബോയ്.

ഗ്രൂപ്പ് III— ക്ളീനർ, സ്കാവഞ്ചർ, സ്കാവഞ്ചർ-കം-ഗാർഡനർ, സ്വീപ്പർ-കം-സ്കാവഞ്ചർ.

ഗ്രൂപ്പ് IV— തോട്ടക്കാരൻ, മീനിയൽ സർവൻറ്, മസാൽച്ചി, നൈററ് വാച്ചർ, സ്വീപ്പർ, സ്വീപ്പർ-കം-വാച്ച്മേൻ, സർവൻറ്, സ്കൾപ്ച്ചർ ബോയ്, ടവർ ക്ളോക്ക് വൈൻറർ, വാച്ചർ, വാച്ച്മേൻ, വാട്ടർ കാരിയർ, വാട്ടർ മേൻ.

---

* 3-ാം ചട്ടം 1-ാം കുറിപ്പ് 31-12-1981 മുതൽ പ്രാബല്യത്തോടുകൂടി എസ്. ആർ. ഒ. 402/82 നമ്പർ ആയി 23-3-1982-ലെ 12-ാം നമ്പർ കേരള ഗസററിൽ 27-2-1982-ലെ ജി. ഒ. (പി) 57/82/ജി. എ.ഡി. ഉത്തരവിനാൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനപ്രകാരം കൂട്ടിചേർക്കപ്പെട്ടു.

** 3-ാം ചട്ടത്തിനുള്ള കുറിപ്പ് ജി. ഒ. (പി) 57/82/ ജി. എ.ഡി. വിജ്ഞാപനത്താൽ 'കുറിപ്പ് 2' ആയി പുന : സംഖ്യം നിർണ്ണയം ചെയ്യപ്പെട്ടു.

† എസ്. ആർ. ഒ. 176/78 ആയി, 28-2-1978-ലെ 9-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട 17-2-1978-ലെ ജി. ഒ. (പി) 111/78/ജി. എ.ഡി. വിജ്ഞാപനപ്രകാരം മാററി ചേർക്കപ്പെട്ടു. മുൻപിലത്തെ വ്യവസ്ഥ ഈ ചട്ടത്തിന്റെ ആവശ്യാർത്ഥം ഓരോ നിയമനാധികാരിയുടെയും അധികാര പരിധിയിൽ വരുന്ന തസ്തികകൾ ഓരോ പ്രത്യേക യൂണിററായി കണക്കാക്കപ്പെടുമെന്നായിരുന്നു.

5. (എ) വയസ് സംബന്ധമായ യോഗ്യതകൾ.— നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്ന വർഷത്തിലെ * ജനുവരി ഒന്നാം തീയതിക്ക് പതിനെട്ട് വയസ് പൂർത്തിയാകാതിരിക്കുകയോ, പൂർത്തിയാകാതിരിക്കാനിടയാവുകയോ ചെയ്യുന്ന ഏതൊരാൾക്കും, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അഞ്ചുവർഷത്തേയും മററ് പിന്നോക്ക സമുദായക്കാർക്ക് മൂന്ന് വർഷത്തേയും ഇളവിന് വിധേയമായി** മുപ്പത്തഞ്ച് വയസ് പൂർത്തിയാകുകയോ പൂർത്തിയാകാൻ ഇടയാവുകയോ ചെയ്യുന്ന ഏതൊരാൾക്കും, ഈ സർവ്വീസിലെ ഏതെങ്കിലും തസ്തികയിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

† എന്നാൽ ഏററവും ഉയർന്ന പ്രായപരിധി, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ തങ്ങളുടെ പേരുകൾ രജിസ്ററർ ചെയ്ത സമയത്ത് പ്രായപരിധിക്കകത്തായിരിക്കുകയും മേൽപ്പറഞ്ഞ തീയതിക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ ലൈവ് രജിസ്ററിൽ രജിസ്ട്രേഷൻകൊണ്ടോ അതിൻെറ പുതുക്കൽ കൊണ്ടോ പേര് നിലനിൽക്കുകയും ചെയ്യുന്ന സംഗതിയിൽ ബാധകമാകുന്നതല്ല.

†† കൂടാതെ മുൻ ഹോംഗാർഡ് വാളൻറിയർമാരുടെ സംഗതിയിൽ ഉയർന്ന പ്രായപരിധി 55(+) ആയിരിക്കുന്നതാണ്.

(ബി) മററ് യോഗ്യതകൾ— താഴെ പറയുന്ന പട്ടികയിൽ ഒന്നാം കാളത്തിൽ നിർദ്ദിഷ്ടമായ വിഭാഗം തസ്തികകളിലേക്കുള്ള നിയമനത്തിന്, ആ പട്ടികയിൽ രണ്ടാം കാളത്തിൽ തൽസ്ഥാനീയമായി നിർദ്ദേശിക്കപ്പെട്ട യോഗ്യതകളില്ലാത്ത ആരുംതന്നെ അർഹരായിരിക്കുന്നതല്ല.

പട്ടിക

| വിഭാഗം | യോഗ്യത |
|---|---|
| (1) | (2) |
| വിഭാഗം 1 | മൂന്നാം ഫാറമോ, ഏഴാം സ്ററാൻഡാർഡോ (പുതിയത്) ജയിച്ചിരിക്കണം. |
| വിഭാഗം 2-ം 3-ം | ശാരീരിക മേന്മ. |

6. പ്രൊബേഷൻ.—ഏതെങ്കിലും വിഭാഗത്തിൽ നിയമിതനാവുന്ന ഏതൊരാളും, തുടർച്ചയായ രണ്ട് വർഷക്കാലത്തിനിടയിൽ, ആകെ ഒരു വർഷത്തെ കർത്തവ്യനിർവ്വഹണകാലം, പ്രൊബേഷനിലായിരിക്കും.

* 6-1-1977-ലെ ജി. ഒ. (പി) 12/77/ജി. എ.ഡി. വിജ്ഞാപനത്താൽ മാററി തിരുത്തപ്പെട്ടു.

** 23-8-1978-ലെ ജി. ഒ. (എം. എസ്.) 401/78/ജി. എ.ഡി. വിജ്ഞാപനം അനുസരിച്ച് വർദ്ധിപ്പിച്ചു.

† എസ്. ആർ. ഒ. 672/76 ആയി, 29-6-1976-ലെ 26-ം നമ്പർ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട 17-6-1978-ലെ ജി. ഒ. (പി) 184/76/പി. ഡി. വിജ്ഞാപനപ്രകാരം ചേർക്കപ്പെട്ടു.

†† എസ്. ആർ. ഒ. 920/82 ആയി 3-8-1982-ലെ 31-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിച്ച 26-7-1982-ലെ ജി. ഒ. (പി)201/82/ജി. എ.ഡി. വിജ്ഞാപനത്താൽ, 19-8-1981 മുതൽ പൂർവ്വകാലപ്രാബല്യത്തോടെ ചേർക്കപ്പെട്ടു.

(+) 2-8-1983-ലെ 31-ാം നമ്പർ കേരള ഗസററിൽ എസ്. ആർ. ഒ. നമ്പർ 951/83 ആയി പ്രസിദ്ധീകരിക്കപ്പെട്ട 22-7-1983-ലെ ജി. ഒ. (പി) 183/83/ജി. എ.ഡി. വിജ്ഞാപനത്താൽ ഉയർത്തപ്പെട്ടു.

7. പ്രൊബേഷൻ സസ്പെൻറ് ചെയ്യലോ, നിർത്തലാക്കുകയോ.—നിർദ്ദിഷ്ട പ്രൊബേഷൻ കാലാവധിക്ക് മുമ്പുള്ള ഏത് സമയത്തും, നിയമനാധികാരിക്ക്—

(എ) പ്രൊബേഷനിലിരിക്കുന്ന ആളുടെ പ്രൊബേഷൻ സസ്പെൻറ് ചെയ്യുകയും, ഒഴിവില്ലാത്തതിനാൽ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയും;

(ബി) വിവേചനാനുസൃതമായ ഉത്തരവിനാൽ പ്രൊബേഷനിലിരിക്കുന്ന ആളുടെ പ്രൊബേഷൻ നിർത്തലാക്കുകയും, തൻെറ പേരിൽ എടുക്കാനുദ്ദേശിക്കുന്ന നടപടിക്കെതിരെ കാരണം കാണിക്കാൻ മതിയായ ഒരവസരം നല്കിയതിനുശേഷം സർവീസിൽനിന്ന് പിരിച്ചുവിടുകയും;

ചെയ്യാവുന്നതാണ്.

8. ഫുൾ മെമ്പർഷിപ്പിനുള്ള പ്രൊബേഷനറുടെ അർഹതാനിർണ്ണയം.—

(എ) വ്യവസ്ഥ ചെയ്യപ്പെട്ട പ്രൊബേഷൻ കാലാവധിയുടെ അവസാനം ഫുൾ മെമ്പർഷിപ്പിന് പ്രൊബേഷണർ അർഹനാണെന്ന് നിയമനാധികാരി കരുതുന്നപക്ഷം, ആ അധികാരി ഒരുത്തരവിനാൽ പ്രൊബേഷണർ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി എത്രയുംവേഗം പ്രഖ്യാപിക്കണം. അങ്ങിനെ ആ ഉത്തരവ് പുറപ്പെടുവിച്ചാൽ പ്രൊബേഷൻ കാലാവധി തീരുന്ന തീയതിക്ക് പ്രൊബേഷണർ തൃപ്തികരമായി പ്രൊബേഷൻ പൂർത്തിയാക്കിയതായി കരുതപ്പെടുന്നതാണ്.

(ബി) വ്യവസ്ഥ ചെയ്യപ്പെട്ട പ്രൊബേഷൻ കാലം അവസാനിക്കുമ്പോൾ ഫുൾ മെമ്പർഷിപ്പിന് പ്രൊബേഷണർ യോഗ്യനല്ലെന്ന് നിയമനാധികാരി കരുതുന്നപക്ഷം, തനിക്കെതിരെയെടുക്കപ്പെടുന്ന നടപടിക്കെതിരെ കാരണം കാണിക്കാനുള്ള മതിയായ ഒരവസരം നല്കിയതിനുശേഷം പ്രൊബേഷണറെ ഉത്തരവിനാൽ സർവീസിൽനിന്ന് നിയമനാധികാരി പിരിച്ചുവിടേണ്ടതാണ്.

9. സീനിയോരിററി.—(എ) സർവീസിലെ ഏതെങ്കിലും വിഭാഗത്തിലുള്ള ഒരു മെമ്പറുടെ സീനിയോരിററി ആ വിഭാഗത്തിലേക്ക് ആദ്യമായി അയാളെ നിയമിക്കുന്ന ഉത്തരവിൻെറ തീയതിയാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

(ബി) നിയമനാധികാരി രണ്ടോ അതിലധികമോ ആളുകളെ ഒരേ സമയം ഈ സർവീസിൽ നിയമിക്കുമ്പോൾ, അവരുടെ മുൻഗണനാക്രമം തിട്ടപ്പെടുത്തേണ്ടതും, അതിനനുസരിച്ച് സീനിയോരിട്ടി നിർണ്ണയിക്കപ്പെടേണ്ടതുമാണ്.

10. പിരിച്ചുവിടലും പുനർനിയമനവും.—(എ) (i) ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട പ്രൊബേഷണർമാരും പ്രൊബേഷൻ പൂർത്തിയായവരും ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെടുന്നത്, ആദ്യം പ്രൊബേഷണർമാർ ജൂനിയർ മുറയിലും, രണ്ടാമത് ജൂനിയർ മുറയിൽ പ്രൊബേഷൻ പൂർത്തിയായവരും എന്ന ക്രമത്തിലായിരിക്കും.

(ii) ഒഴിവുകളില്ലാത്തതിനാൽ പിരിച്ചുവിടപ്പെട്ട പ്രൊബേഷണർമാരും പ്രൊബേഷൻ പൂർത്തിയായവരും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പുനർനിയമിതരാകുന്നത് (i)-ാം ഖണ്ഡത്തിൽ നിശ്ചയിക്കപ്പെട്ടതിൻെറ വിപരീത മുറയിലായിരിക്കും.

(ബി) ഈ ചട്ടത്തിൻെറ ആവശ്യാർത്ഥം, ഓരോ നിയമനാധികാരിയുടെയും അധികാരപരിധിയിലുള്ള തസ്തികകൾ ഓരോ പ്രത്യേക യൂണിററായി പരിഗണിക്കപ്പെടും.

11. സ്ഥിരലാവണക്കാരായുള്ള നിയമനം.—(എ) പ്രൊബേഷൻ പൂർത്തിയായവരെ സർവീസിൽ സ്ഥിരലാവണക്കാരായി നിയമിക്കുന്നത് നിയമനാധികാരിയായിരിക്കും.

(ബി) നിയമനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിഭാഗത്തിൽ നിലവിലുള്ളതോ പിന്നീട് വരുന്നതോ ആയി ആ വിഭാഗത്തിലെ സ്ഥിര തസ്തികകളിൽ വരുന്ന ഒഴിവുകളിൽ, പ്രൊബേഷൻ പൂർത്തിയാക്കിയ ആരം കഴിവതും നേരത്തെ വരുന്ന സന്ദർഭത്തിൽ സ്ഥിരമായി നിയമിക്കപ്പെടുന്നതും, നിയമന തീയതിക്ക് മുമ്പുള്ള ഒരു തീയതി മുതൽ ഒഴിവ് നിലവിലിരുന്നെങ്കിൽ, അങ്ങിനെ നിയമിക്കപ്പെടുന്നത് ആ തീയതി മുതലോ, അയാരം തുടർച്ചയായി ആ തസ്തികയിലോ, ഉയർന്ന തസ്തികയിലോ സർവീസിലെ മെമ്പർ എന്ന നിലയിൽ ഡ്യൂട്ടിയിലിരുന്ന പിന്നീടുള്ള ഏതെങ്കിലും തീയതി മുതലോ, ഏതിലായാലും, മുൻകാല പ്രാബല്യത്തോടെ അങ്ങിനെ നിയമിക്കപ്പെടേണ്ടതാണ്:

എന്നാൽ സ്ഥിരലാവണക്കാരായി നിയമിക്കപ്പെടുന്നതിന് പ്രൊബേഷൻ പൂർത്തിയാക്കിയവർ ഒന്നിൽ കൂടുതലാണെങ്കിൽ പ്രൊബേഷൻ പൂർത്തിയായ ഏററവും സീനിയറായ ആരം ഒഴിവുണ്ടാകുന്ന തീയതി മുതൽ അങ്ങിനെ നിയമിക്കപ്പെടേണ്ടതാണ്.

വിശദീകരണം:— ഈ ഉപചട്ടത്തിൻെറ ആവശ്യാർത്ഥം, ലീവിലിരിക്കുന്ന പ്രൊബേഷൻ പൂർത്തിയാക്കിയ ഒരാരം, അങ്ങിനെ ലീവിലായിരുന്നില്ലെങ്കിൽ ആ തസ്തികയിലോ അല്ലെങ്കിൽ ഒരു ഉയർന്ന തസ്തികയിലോ ഡ്യൂട്ടിയിലായിരിക്കുമായിരുന്നുവെങ്കിൽ, സർവീസിലെ ബന്ധപ്പെട്ട വിഭാഗത്തിൽ മെമ്പറെന്ന നിലയിൽ ഡ്യൂട്ടിയിലുള്ളതായി കരുതപ്പെടേണ്ടതാണ്.

12. നിയമനങ്ങളും സ്ഥലംമാററങ്ങളും.—(എ) സർവീസിലെ ഏതെങ്കിലും വിഭാഗത്തിലെ മെമ്പറായിരിക്കുന്ന ഒരാരം, ആ വിഭാഗത്തിലുരംപ്പെട്ട ഏതെങ്കിലും തസ്തികകളിൽ ഒന്നിൽ, സേവനമനുഷ്ഠിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

(ബി) എല്ലാ സ്ഥലംമാററങ്ങളും നിയമനങ്ങളും നിയമനാധികാരി ചെയ്യേണ്ടതാണ്:

എന്നാൽ ഈ ഉപചട്ടത്തിനാൽ നിയമനാധികാരിയിൽ നിക്ഷിപ്തമായ അധികാരങ്ങരം, ഭരണപരമായി നിയമനാധികാരിക്ക് കീഴിൽവരുന്ന ഏതെങ്കിലും ഉന്നതാധികാരിക്ക്കൂടി വിനിയോഗിക്കാവുന്നതാണ്.

(സി) ഭരണപരമായ ആവശ്യത്തിന്, സർവീസിലെ ഒരു മെമ്പർ, ഒരു നിയമനാധികാരിയുടെ അധികാരപരിധിയിൽനിന്ന് മററൊരു നിയമനാധികാരിയുടെ അധികാരപരിധിയിലേക്ക് മാററപ്പെടാവുന്നതാണ്. അങ്ങിനെയുള്ള മാററങ്ങരം, നിയമനാധികാരികരം ഭരണപരമായി തൻെറ കീഴിൽവരുന്ന ഉന്നതാധികാരി ചെയ്യേണ്ടതാണ്.

(ഡി) അപേക്ഷയിന്മേലുള്ള സ്ഥലംമാററം—ഒരു നിയമനാധികാരിയുടെ പരിധിയിൽനിന്ന് നിയമനാധികാരിയുടെ അധികാരപരിധിയിലേക്ക് മാററം ആഗ്രഹിക്കുന്ന പ്രൊബേഷണർമാരും, പ്രൊബേഷൻ പൂർത്തിയാക്കിയവരും, പരസ്പരമായോ അല്ലാതെയോ ബന്ധപ്പെട്ട നിയമനാധികാരികളുടെ പരസ്പര സമ്മതത്തോടുകൂടി സ്ഥിരമായി മാററപ്പെടാവുന്നതാണ്. എങ്കിൽ അങ്ങിനെ മാററം ആഗ്രഹിക്കുന്നവർ ഒൻപതാം ചട്ടപ്രകാരം സീനിയോറിട്ടിക്കുള്ള അവകാശം ഉപേക്ഷിക്കുകയും അവരിലോരോ ആളും പുതിയ ഭരണയൂണിററിൽ വന്നുചേരുന്ന തീയതിക്ക് ആ യൂണിററ് ഏത് രീതിയിലിരിക്കുന്നുവോ അന്ന്

അതിലുള്ള പ്രൊബേഷണർമാരുടെയോ പ്രൊബേഷൻ പൂർത്തിയാക്കിയവരുടെയോ ഫുൾ മെമ്പർമാരുടെയോ ലിസ്ററിൽ അവസാന റാങ്ക് എടുക്കുകയും മാററപ്പെടുന്ന സ്ഥലങ്ങളിലേക്കുള്ള യാത്രാബത്തയ്ക്ക് അർഹരാകാതിരിക്കുകയും ചെയ്യുന്നതാണ്:

എന്നാൽ സ്ഥിരലാവണമുള്ളവർ അവർ മാററപ്പെടുന്ന ഭരണ യൂണിററിൽ അവർക്ക് തുടരുവാൻ ഒഴിവില്ലാതെ വരുന്ന പക്ഷം, അവർ മാററമായി വന്ന യൂണിററിൽത്തന്നെ തിരിച്ച് സ്ഥലം മാററപ്പെടുന്നതാണ്.

13. ശമ്പളം, അലവൻസുകൾ, അവധിക്കാലവേതനം, മററു സേവന വ്യവസ്ഥകൾ.—സർവീസിലെ മെമ്പർമാരുടെ ശമ്പളം, അലവൻസുകൾ, അവധിക്കാലവേതനം, മററു സേവനവ്യവസ്ഥകൾ എന്നിവ കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലായിരിക്കും.

* 13 (എ) യാത്രാബത്തയും, ജോയിനിംഗ് ടൈമും.—പൊതുതാല്പര്യത്തിൽ സ്ഥലം മാററപ്പെടുന്ന സർവീസിലെ ഒരു മെമ്പർക്ക്, സർക്കാർ സർവീസിൽ കേരള സർവീസ് ചട്ടങ്ങൾ ബാധകമായ ക്ലാസ് ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദനീയമായ നിരക്കിൽ ജോയിനിംഗ് ടൈമിനും, യാത്രാബത്തയ്ക്കും, ദിനബത്തയ്ക്കും അവകാശമുണ്ടായിരിക്കും.

** 13 (ബി). സസ്പെൻഷനിലുള്ള മെമ്പർമാരുടെ ഉപജീവന ബത്ത.—സസ്പെൻഷനിൽ നിർത്തിയിരിക്കുന്ന ഒരു മെമ്പർക്ക് മുഴുവൻ സസ്പെൻഷൻ കാലത്തേക്ക്, അയാൾ സേവനത്തിലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും പകുതിക്ക് തുല്യമായ ഒരു തുക ഉപജീവനബത്തയായി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കും.

† 14. അവധി.— താഴെ പറയുന്ന അവധികൾക്ക് സർവീസിലെ ഒരു മെമ്പർ അർഹനായിരിക്കും, അതായത് —

---

* എസ്. ആർ. ഒ. 1023/78 ആയി 7-11-1978-ലെ 45-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട 17-10-1978 മുതൽ പ്രാബല്യത്തോടെ 17-10-1978-ലെ ജി. ഒ. (പി) 472/78/ ജി. എ. ഡി. എന്ന വിജ്ഞാപനത്താൽ ഉൾക്കൊള്ളിക്കപ്പെട്ടത്.

** എസ്. ആർ. ഒ. 247/79 ആയി 27-2-1979-ലെ 9-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട 3-2-1979-ലെ ജി. ഒ. (പി) 90/ 79/ ജി. എ. ഡി. നമ്പരിലുള്ള വിജ്ഞാപനത്താൽ ഉൾക്കൊള്ളിക്കപ്പെട്ടു.

† എസ്. ആർ. ഒ. 176/78-ാം നമ്പരായി 28-2-1978-ലെ 9-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തിയ 17-2-1978-ലെ ജി. ഒ. (പി) നമ്പർ 111/78/ ജി. എ. ഡി. വിജ്ഞാപനത്താൽ 14-ാം ചട്ടം മാററിയെഴുതി. ആദ്യത്തെ ചട്ടം താഴെപ്പറയും പ്രകാരമായിരുന്നു.

"ഒരു വർഷത്തിൽ സർവീസിലെ ഒരു മെമ്പർ 15 ദിവസത്തെ കാഷ്വൽ അവധിക്ക് അർഹനായിരിക്കും. കാഷ്വൽ അവധിക്ക് പുറമേ ഒരു മെമ്പർക്ക് പ്രത്യേക സാഹചര്യങ്ങളിൽ, ഒരു കലണ്ടർ വർഷത്തിൽ ഒരു മാസത്തിൽ കവിയാത്ത ശമ്പളമില്ലാത്ത അവധിക്ക് അർഹതയുണ്ടായിരിക്കും."

(എ) ഒരു കലണ്ടർ വർഷത്തിൽ * ഇരുപതു ദിവസത്തെ കാഷ്വൽ അവധി, അവധി ദിവസങ്ങളോടുചേർത്ത് കാഷ്വൽ അവധി ഒരേ സമയം * 15 ദിവസത്തിൽ കവിയരുത്.

(ബി) ഒരു കലണ്ടർ വർഷത്തിൽ പ്രത്യേക സാഹചര്യങ്ങളിൽ ആകെ 30 ദിവസത്തിൽ കവിയാത്ത ശമ്പളമില്ലാത്ത അവധി.

** (സി) വനിതാ ജീവനക്കാർക്ക് മൂന്ന് മാസത്തെ പൂർണ്ണശമ്പളത്തോടും ക്ഷാമബത്തയോടും കൂടിയ പ്രസവാവധി, ഒരു ജീവനക്കാരി പ്രസവസംബന്ധമായ ലീവെടുക്കുന്ന അവസരങ്ങളുടെ എണ്ണം രണ്ടായി പരിമിതപ്പെടുത്തപ്പെടുന്നു.

(ഡി) ആറു ദിവസത്തിൽ കവിയാതെ പുരുഷൻമാർക്കും, പതിനാലു ദിവസത്തിൽ കവിയാതെ സ്ത്രീകൾക്കും, സന്താനനിയന്ത്രണ ശസ്ത്രക്രിയയ്ക്ക് വിധേയരാകാനുള്ള സ്പെഷ്യൽ കാഷ്വൽ ലീവും.

† 15. സൂപ്പറാന്വേഷൻ.—എഴുപതു വയസ് പൂർത്തിയാകുന്ന മാസത്തിലെ അവസാനത്തീയതിക്കു സർവീസിലെ ഒരു മെമ്പർ സർവീസിൽ നിന്നു വിരമിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവു പ്രകാരം,

സഖറിയാ മാത്യു,

സ്പെഷ്യൽ സെക്രട്ടറി.

---

* എസ്. ആർ. ഒ. 26/80 ആയി, 8-1-1980-ലെ 2-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട 22-12-1979-ലെ ജി. ഒ. (പി) 670/79 ജി.എ.ഡി. നമ്പർ വിജ്ഞാപന പ്രകാരം പതിനഞ്ചു എന്നതു ഇരുപത് ആയും പത്ത് എന്നത് പതിനഞ്ച് ആയും ക്രമത്തിൽ മാററിത്തിരുത്തപ്പെട്ടു.

** എസ്. ആർ. ഒ. 122/81 ആയി, 3-2-1981-ലെ 5-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകരിക്കപ്പെട്ട 7-1-1981-ലെ ജി. ഒ. (പി) 5/81/ ജി. എ. ഡി. നമ്പരിലുള്ള വിജ്ഞാപനപ്രകാരം 31-3-1980 മുതൽ പ്രാബല്യത്തോടെ മാററിയെഴുതപ്പെട്ടത്. മുൻപത്തെ ഉപചട്ടത്തിൽ "അൻപത് ശതമാനം ശമ്പളത്തോടും പൂർണ്ണമായ അലവൻസുകളോടും കൂടി രണ്ടുമാസ (22-12-1979-ലെ ജി. ഒ. (പി) 670/79/ജി. എ. ഡി. ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനത്താൽ ഇതു പിന്നീട് മൂന്നു മാസമായി വർദ്ധിപ്പിച്ചിരുന്നു.) കാലത്തേക്കു വനിതാ ജീവനക്കാർക്ക് പ്രസവാവധി" എന്നായിരുന്നു.

† എസ്. ആർ. ഒ. 799/81 ആയി, 14-7-1981-ലെ 28-ാം നമ്പർ കേരള ഗസററിൽ പ്രസിദ്ധീകൃതമായ, 9-6-1981-ലെ ജി. ഒ. (പി) 190/81/ ജി. എ. ഡി. നമ്പർ വിജ്ഞാപനപ്രകാരം മാററിച്ചേർക്കപ്പെട്ടതു മുൻ ചട്ടം "സർവീസിലെ ഒരു മെമ്പർ ജോലി ചെയ്യാൻ കഴിവില്ലാതാകുന്നതുവരെയോ, മരണംവരെയോ, ഏത് ആദ്യം വരുന്നുവോ, അതുവരെ സർവീസിൽ തുടരും" എന്നായിരുന്നു.